VI നിയമസഭാ നടപടിച്ചട്ടം ഭാഗികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതുചർച്ച അവസാനിക്കുമ്പോൾത്തന്നെ ധനാഭ്യർത്ഥനകൾ അനുയോജ്യമായ സബ്ജക്ട് കമ്മിറ്റികൾക്ക് അയയ്ക്കപ്പെടുമെന്നും സബ്ജക്ട് കമ്മിറ്റികൾ 4 ആഴ്ചകൾക്കകം അവയുടെ പരിശോധന പൂർത്തിയാക്കേണ്ടതാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 236 വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയിലെ വ്യവസ്ഥയും 2-ാം ഉപചട്ടവും അനുസരിച്ച് കാലാവധി തികച്ച് പിരിഞ്ഞുപോകുന്ന സഭ വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം പുതുതായി രൂപീകരിക്കുന്ന സബ്ജക്ട് കമ്മിറ്റികൾ ബഡ്ജറ്റ് പരിശോധന പൂർത്തിയാക്കുന്നതുവരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പുതുതായി വരുന്ന സബ്ജക്ട് കമ്മിറ്റികൾ ധനാഭ്യർത്ഥനകൾ പരിശോധിക്കുന്നതാണ്.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും, നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 മാർച്ച് മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.15-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly